കർഷകത്തൊഴിലാളിയുടെ മകളായ കുമാരി പ്രസന്നയ്ക്ക് എസ്.എസ്.എൽ.സി. അവാർഡ് തുക നൽകാൻ നടപടി

83 [2950] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി പരീക്ഷയ്ക്ക് ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന കർഷക തൊഴിലാളികളുടെ മക്കൾക്ക് കൃഷി വകുപ്പിൽ നിന്നും സമ്മാനത്തുക നൽകി വരുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) 2001-ലെ എസ്. എസ്. എൽ. സി. പരീക്ഷയിൽ കണ്ണൂർ ജില്ലയിൽ സമ്മാനത്തുകയായ 10,000 രൂപയുടെ ക്യാഷ് അവാർഡിന് അർഹയായ രാമന്തളി ഹൈസ്ക്കൂളിലെ വിദ്യാർത്ഥിനിയായിരുന്ന കുമാരി പ്രസന്നയ്ക്ക് നൽകിയ അവാർഡു തുകയുടെ ട്രഷറി ചെക്ക് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തിരികെ വാങ്ങുകയും പ്രസ്തുത വിദ്യാർത്ഥിനിക്ക് ക്യാഷ് അവാർഡു തുക നാളിതുവരെയും ലഭിച്ചിട്ടില്ല എന്നതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് 551 മാർക്കു വാങ്ങിയ നിർദ്ധന കർഷകത്തൊഴിലാളി കുടുംബാംഗമായ പ്രസന്നയ്ക്ക് അർഹതപ്പെട്ട ക്യാഷ് അവാർഡു തുക ലഭ്യമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99, 1999-2000 എന്നീ വർഷങ്ങളിൽ മാത്രമാണ് കർഷകത്തൊഴിലാളികളുടെ മക്കൾക്ക് എസ്. എസ്. എൽ. സി. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് അവാർഡ് നൽകുന്ന പദ്ധതി നിലവിലുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ ഈ പദ്ധതി നിലവിലില്ല.

(ബി ആന്റ് സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മിൽമയുടെ പാൽ സംഭരണം

84 [2951] ശ്രീ. പി. ടി. തോമസ്:
" കെ. മോഹൻകുമാർ:
" ഡി. സുഗതൻ:
" സി. പി. മുഹമ്മദ്:
" ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ മിൽമയുടെ പാലിന്റെ സ്റ്റോറേജ് കപ്പാസിറ്റിക്കനുസരിച്ച് സംസ്ഥാനത്തു നിന്നും പാൽ സംഭരിക്കാൻ കഴിയുന്നുണ്ടോ;

(ബി) സംസ്ഥാനത്തിന് ഇപ്പോൾ ആവശ്യമായ പാലെത്ര; സംഭരിക്കുന്ന പാലെത്ര;

LIBRARY ARCHIVES Kerala Legislative Assembly